# മൊബൈൽ പനി ക്ലിനിക് യാത്ര തുടങ്ങി

ജില്ലാ പഞ്ചായത്തിന്റെയും ആരോഗ്യ കേരളമിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സഞ്ചരിക്കുന്ന പനി ക്ലിനിക് യാത്ര ആരംഭിച്ചു. ജില്ലാ ആശുപത്രിയിൽ നിന്നും ആരംഭിച്ച യാത്ര പ്രസിഡന്റ് കെ. ജഗദമ്മ ടീച്ചർ ഫ്ലാഗ് ഓഫ് ചെയ്തു. അലോപ്പതി, ആയുർവ്വേദ, ഹോമിയോ ഡോക്ടർമാർ അടങ്ങിയ മെഡിക്കൽ സംഘമാണ് ക്ലിനിക്കിന് നേതൃത്വം നൽകുന്നത്. രക്തപരിശോധനക്കുള്ള ലാബ് സൗകര്യവും, ആവശ്യമുള്ള മരുന്നുകളുടെ ലഭ്യതയും ക്ലിനിക്കിനോടോപ്പം ഉറപ്പുവരുത്തിയിട്ടുണ്ട്.

ശൂരനാട് നോർത്ത്, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിലാണ് ആദ്യദിനം ക്ലിനിക്കിന്റെ സേവനം ലഭ്യമാകുന്നത്. ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്തിലെ ആനയടിയിലുള്ള 57-)0 നമ്പർ അംഗനവാടി കെട്ടിടത്തിലും ഉച്ചക്ക് ശേഷം തൊടിയൂർ ഗ്രാമപഞ്ചായത്തിലെ 8-)0 വാർഡിൽ വേങ്ങറ സാംസ്കാരിക നിലയത്തിലും ക്ലിനിക്കിന്റെ സേവനം ലഭ്യമാക്കി. അടുത്ത ദിവസം പെരിനാട്, നെടുമ്പന ഗ്രാമപഞ്ചായത്തുകളിലാണ് ക്ലിനിക് യാത്ര നടത്തുന്നത്. ക്ലിനിക്കിന്റെ പ്രവർത്തനത്തിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും പനി ക്ലിനിക്കിന്റെ സേവനം ലഭ്യമാക്കുന്നതാണെന്ന് പ്രസിഡന്റ് പറഞ്ഞു. എൻ ആർ എച് എം ജില്ലാ പ്രൊജക്റ്റ് മാനേജർ ഡോ. ഹരികുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ. പ്രിയദർശിനി, ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ഡോ. ഷാജി ജോസ്, ജില്ലാ ആശുപത്രി ആർ എം ഒ ഡോ. അനിൽകുമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

സെക്രട്ടറി,

ജില്ലാ പഞ്ചായത്ത്